**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ : 6764 | 09.11.2016 ൽ മറുപടിയ്ക്ക്

**ഇക്കോട്ടൂറിസം മേഖലകളിൽ പുതിയ കോട്ടേജുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ. ബാബു : | | ശ്രീ.എ.സി.മൊയ്തീൻ [സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി] | |
| [എ] | സംസ്ഥാനത്തെ ഇക്കോട്ടൂറിസം പ്രാധാന്യമുള്ള മേഖലകളിൽ എത്തുന്ന വിനോദ സഞ്ചാരികൾക്ക് താമസിക്കുവാൻ ആവശ്യമായ കോട്ടേജുകൾ നിലവിൽ എവിടെ യെല്ലാമാണ് ഉള്ളത് എന്ന് വിശദമാക്കാമോ; | [എ] | തെന്മല ഇക്കോ ടൂറിസം സൊസൈറ്റിയുടെ കീഴിൽ രണ്ടു ഡോർമെട്ടികളും മൂന്നു മുറികളും പതിനഞ്ച് ടെന്റുകളും താമസത്തിനായി ഒരുക്കിയിട്ടുണ്ട്. കൂടാതെ കേരള ഫോറസ്റ്റ് ഡവലപ്മെന്റ് കോർപ്പറേഷന്റെ കീഴിലുള്ള മൂന്നാർ, ഗവി, നെല്ലിയാമ്പതി, അരിപ്പ എന്നീ സ്ഥലങ്ങളിൽ താമസ സൗകര്യങ്ങൾ ലഭ്യമാണ്. |
| (ബി) | പുതിയ കോട്ടേജുകൾ സ്ഥാപിക്കാൻ പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ബി) | വനമേഖലയിൽ ടൂറിസ്റ്റുകൾക്കായി കോട്ടേജുകൾ നിർമ്മിക്കുന്നത് നിലവിലുള്ള ഇക്കോ ടൂറിസം ഗൈഡ് ലൈൻസിനു വിരുദ്ധമാണ്. എന്നാൽ താൽക്കാലിക താമസ സൗകര്യങ്ങൾ ഒരുക്കുന്നതിനായി ടെന്റ് തുടങ്ങിയവ തെരെഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ